**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2274** **21-06-2024 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോയുടെ ഇ-മെയിൽ ഐഡി. ദുരുപയോഗപ്പെടുത്തി നടത്തിയ പർച്ചേസിൽ വകുപ്പുതല അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | മുൻ ഭക്ഷ്യവകുപ്പ് മന്ത്രിയുടെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറിയായിരുന്ന വ്യക്തി സപ്ലൈകോയുടെ ലെറ്റർ ഹെഡ്, സീൽ എന്നിവ വ്യാജമായി നിർമ്മിച്ച് സപ്ലൈകോ ഇ-മെയിൽ ഐഡി. ഉപയോഗിച്ച് മുംബൈ ജീവ ലൈഫ് സ്റ്റൈൽ പ്രൈവറ്റ് ലിമിറ്റഡ്, എസ്.എസ്. എമ്പയർ, രാജസ്ഥാനിലെ പട്ടോഡിയ ബ്രദേഴ്സ് എന്നീ മൂന്ന് സ്ഥാപനങ്ങൾക്ക് ഏഴ് കോടി രൂപയുടെ ചോളത്തിന് ഓർഡർ നൽകിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിതരണക്കാർ സപ്ലൈകോയെ സമീപിച്ചിരുന്നു. ടി വിഷയത്തിൽ സപ്ലൈകോ കടവന്ത്ര പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിൽ എൻക്വയറി നടന്നു വരുന്നു |
| (ബി) | പ്രസ്തുത സ്ഥാപനങ്ങൾ സപ്ലൈകോയുടെ ഓർഡർ എന്ന് കരുതി സപ്ലൈകോയെ സമീപിച്ചിരുന്നോ; വ്യക്തമാക്കാമോ; | (ബി) | എ പിരിവിൽ കാണാവുന്നതാണ്. |
| (സി) | സപ്ലൈകോയുടെ ഇ-മെയിൽ അടക്കം ദുരുപയോഗപ്പെടുത്തി നടത്തിയ ഈ പർച്ചേസിൽ വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;കുറ്റക്കാർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? ; | (സി) | എ പിരിവിൽ കാണാവുന്നതാണ്. |
| (ഡി) | ഈ പർച്ചേസിന്റെ ബില്ലുകൾ സപ്ലൈകോയുടെ ജി.എസ്.ടി. പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ടോ;? | (ഡി) | **GST Portal-ൽ GSTR- 2A/2B യിൽ മേൽ പറഞ്ഞ invoice കൾ പ്രതിഫലിച്ചിട്ടുണ്ട്.**<br><br>**GST നിയമം അനുസരിച്ച് GST Registration ഉള്ള ഏതൊരു വ്യക്തിയോ സ്ഥാപനമോ മറ്റൊരു Registered വ്യക്തിക്കോ സ്ഥാപനത്തിനോ B2B ആയി Invoice തയ്യാറാക്കി GST Portal ൽ upload ചെയ്താൽ ആയത് സ്വീകർത്താവിന്റെ GSTR- 2A/2B Statement ൽ പ്രതിഫലിക്കും. GST Return file ചെയ്യുന്ന വേളയിൽ GSTR-2A/2B Statementൽ പ്രതിഫലിക്കുന്ന Billകളും Books of Accounts ൽ പ്രതിഫലിക്കുന്ന Billകളും തമ്മിൽ ഒത്തുനോക്കി നമ്മുടേതല്ലാത്ത invoice/Bill കൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് GSTIN ഉപയോഗിച്ച് GST Portal ൽ നിന്ന് തന്നെ Party യെ** |

| | | | |
|---|---|---|---|
| | | | അറിയിക്കാൻ കഴിയും. അല്ലാതെ, നമ്മുടേതല്ലാത്ത invoice/Bill കൾ തിരസ്കരിക്കാനുള്ള ഒരു സംവിധാനം GST Portalൽ ലഭ്യമല്ല.<br><br>M/s Jeev Life Style Pvt.Ltd. Invoice Unloade ചെയ്തിരിക്കുന്നത് 17.04.2024 ൽ ആണ്. Supplyco ക്കു May മാസത്തെ Return File ചെയ്യേണ്ട തീയതിയായ 20.05.2024 ന് മുൻപേ തന്നെ Party തുക ലഭ്യമാക്കാത്തതിനെ തുടർന്ന് സപ്ലൈകോയെ സമീപിച്ചപ്പോൾ തന്നെ ഇത്തരത്തിലുള്ള ഇൻവോയ്സിനെക്കുറിച്ച് അറിയാൻ കഴിഞ്ഞു. ടി വിവരം പാർട്ടിയെ GST Portal മുഖേന അറിയിച്ചിട്ടുണ്ട്. സപ്ലൈകോയുടെ GSTIN ഉപയോഗിച്ച് സപ്ലൈകോ Trade നടത്താത്ത ഉല്പന്നം സപ്ലൈകോയ്ക്ക് Sale നടത്തിയതായി GST Portalൽ Uploade ചെയ്ത വിവരം Policeനെയും GST Commissioner നെയും അറിയിച്ചിരുന്നു. ടി ഉൽപ്പന്നം (ചോളം) GST ബാധകമല്ലാത്തതിനാൽ Input Tax Credit നെ ബാധിച്ചിട്ടില്ല. കൂടാതെ ചോളം Exempt Supply ആയതിനാൽ E-Way Bill Poral ൽ നിന്നും വിവരങ്ങൾ ലഭ്യമല്ല.<br><br>ഇതുമൂലം Supplyco-ക്ക് മറ്റു സാമ്പത്തിക ബുദ്ധിമുട്ടുകൾ ഒന്നും തന്നെ ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ